അകവൂർ വാസുദേവൻ നമ്പൂതിരിപ്പാടവർകൾ.

കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാടവർകൾ:

അവതാരിക.

ബ്രഹ്മശ്രീ അകവൂർ വാസുദേവൻ നമ്പൂതിരിപ്പാടവർകളേയും അദ്ദേഹം ആ രചിച്ച ശ്രീകൃഷ്ണസ്തോത്രത്തേയും സഹൃദയസമക്ഷം അവതരിപ്പിക്കുവാനുള്ള അവസരം ലഭിച്ചതിൽ എനിക്ക് അമിതമായ സന്തോഷവും അഭിമാനവും ഉണ്ട്. പക്ഷെ ഗ്രന്ഥകർത്താവിന്റെ അത്യുന്നതസ്ഥിതിയും കവിതാനിരൂപണകർമ്മത്തിലുള്ള വിഷമതയും വിചാരിക്കുമ്പോൾ ആഹ്ലാദം ആശങ്കയായി രൂപാന്തരപ്പെടുന്നു. എങ്കിലും എന്റെ കൃത്യം യഥാശക്തി നിർവ്വഹിക്കട്ടെ.

കേരളത്തിൽ കേൾവികേട്ട അകവൂർ മനക്കലെ കാരണവരാണ് ശ്രീ: വാസുദേവൻ നമ്പൂതിരിപ്പാടവർകൾ. പാണ്ഡിത്യം, ധിഷണ, ചിന്താശീലം, ശ്രിതജനസ്നേഹം, സർവ്വോപരി ആസ്തിക്യബുദ്ധി ഇവയുടെ ഇരിപ്പിടമാണ് ശ്രീ: നമ്പൂതിരിപ്പാട് എന്ന് അദ്ദേഹത്തോട് എപ്പോഴെങ്കിലും അടുത്ത് പെരുമാറീട്ടുള്ള ഏവർക്കും എളുപ്പത്തിൽ ഗ്രഹിക്കുവാൻ കഴിയും. പുരാണങ്ങളിലും ധർമ്മശാസ്ത്രങ്ങളിലും അദ്ദേഹത്തിനുള്ള അവഗാഹം അനുഭവൈകവേദ്യമാണ്. പുണ്യത്തിനും കഥാശ്രവണത്തിനും മാത്രം വേണ്ടിയല്ല പുരാണപാരായണമെന്നും ലോകത്തിൽ ഇപ്പോഴും എപ്പോഴും നടക്കുന്ന സർവ്വ സംഗതികൾക്കും അത് മണിക്കണ്ണാടിയും മാർഗ്ഗദർശിയും ആണെന്നും നമ്മുടെ ഗ്രന്ഥകാരൻ സോദാഹരണം തെളിയിച്ച് കാ

ന്നിക്കാറുണ്ട്. പുരാണപാരാവാരത്തിൽനിന്നും ഇദ്ദേഹം ചികഞ്ഞെടുത്തിട്ടുള്ള ചിന്താരത്നങ്ങൾ നിരവധിപണ്ഡിതന്മാരെ പുളകം കൊള്ളിച്ചിട്ടുണ്ട്. എല്ലാംകൊണ്ടും ഒരു ധന്യനും മാന്യനുമാണ് ശ്രീ: നമ്പൂതിരിപ്പാടവർകൾ എന്ന് ചുരുക്കിപ്പറയുവാനെ ഇവിടെ സൌകര്യമുള്ളു.

കവിതാനിർമ്മാണത്തിന്ന് ഇദ്ദേഹത്തെ പ്രേരിപ്പിച്ചിട്ടുള്ളത് എന്റെ അഭിവന്ദ്യപിതാക്കന്മാരായ "കേരളോല്പന്നഭാഷാവൻകാട്ടിൽ സഞ്ചരിക്കും സിതമണിധരണീദേവഹര്യക്ഷവര്യ"ന്മാരാണെന്ന് പറഞ്ഞാൽ ചെറുപ്പത്തിൽ തന്നെ ഗ്രന്ഥകർത്താവിന്ന് വാസനയും അഭിരുചിയും ഉള്ളതായി കാണാവുന്നതാണ്. എന്നാൽ ആ മഹാകവികൾ മൺമറഞ്ഞതുകൊണ്ടോ പരിതസ്ഥിതിയുടെ പ്രാതികൂല്യം കൊണ്ടോ അതിന്ന് വേണ്ടവിധം വികസിപ്പാനൊ വളരുവാനൊ അന്ന് സാധിച്ചില്ല. ഇദ്ദേഹത്തിന്റെ ധാരണാശക്തിയുടെ സഹായത്താൽ അക്കാലത്ത് നിർമ്മിച്ചിട്ടുള്ള അനവധി ഒറ്റ ശ്ലോകങ്ങൾ മാദൃശന്മാർക്ക് കേൾക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അവയിൽ പലതും ശബ്ദാർത്ഥാലങ്കാരങ്ങളുടെ വിലാസരംഗമായിട്ടുണ്ട്. വിഷയവൈരുദ്ധ്യംകൊണ്ടായിരിക്കാം, ഒരു ഉദാഹരണമെങ്കിലും കൊടുക്കുവാൻ ഗ്രന്ഥകർത്താവ് അനുവദിക്കാത്തതിൽ വ്യസനിക്കയല്ലാതെ നിവൃത്തിയില്ല. വളരെകാലമായി അന്തർഭാഗത്ത് അടങ്ങിയൊതുങ്ങിയിരുന്ന ആ കവനശക്തി ഇപ്പോഴെങ്കിലും ഈ നിലയിൽ ബഹിർഗ്ഗമിച്ചതിൽ നമുക്ക് സന്തോഷിക്കാം.

പേരുകൊണ്ടുതന്നെ ഭഗവൽസ്തോത്രങ്ങളെ പ്രകീൎത്തനം ചെയ്യുന്ന ഒരു പ്രകൃഷ്ട കൃതിയാണ് ഈ ഗ്രന്ഥമെന്നു ഗ്രഹിക്കാമല്ലൊ. ഇതിന്റെ ആദ്യഭാഗത്തിൽ ശ്രീകൃഷ്ണഭഗവാന്റെ കേശാദിപാദവും അവിടത്തെ ലീലാശകലങ്ങളും അന്നനടയിൽ വൎണ്ണിക്കപ്പെട്ടിരിക്കുന്നു. ഉത്തരഭാഗത്തിൽ വിവിധവൃത്തങ്ങളിൽ ഏതാനും പദ്യങ്ങളേയും ചേൎത്തിട്ടുണ്ട്. യശോദാകിശോരന്റെ യശോരാശികളെ കാവ്യരസം തുളുമ്പുന്ന ഭാഷയിൽ പാടിപ്പുകഴ്ത്തുന്ന പ്രകൃതഗ്രന്ഥം സുവൎണ്ണത്തിന്നു സുഗന്ധവും കൂടി ചേൎന്നാലത്തെ സുഖവും സൌകുമാൎയ്യവും ഏവൎക്കും നല്കാതിരിക്കയില്ല. ശബ്ദാലങ്കാരത്തിൽ കവിക്കുള്ള നിഷ്കൎഷയും പാടവവും ഇതിലെ ദ്വിതീയാക്ഷരപ്രാസപ്രയോഗത്തിൽ നിന്നും അറിയാവുന്നതാണ്. മൂന്നൂററയ്മ്പതോളം വരികളിൽ ഒററ അക്ഷരത്തെ പ്രയോഗിക്കുക അത്ര സുകരമല്ല. മററാൎക്കും കഴിയാത്തവിധം നമ്മുടെ കവി അത് നിഷ്പ്രയാസം സാധിച്ചിരിക്കുന്നുവെന്നുള്ളതാണ് ഈ പുസ്തകത്തിന്റെ മേന്മ. ഭക്താഗ്രണികളായ പൂന്താനത്തിന്റെയും വാഴക്കുന്നത്തിന്റേയും കൃതികളെപോലെ ഈ ഗ്രന്ഥവും ഭക്തന്മാരുടെ കരപല്ലവങ്ങളിൽ കിടന്ന് കളിയാടുന്നത് കാണുമാറാകുമെന്ന് എനിക്കാശയുണ്ട്. ഇത്രയും പറഞ്ഞ് ഈ ചെറുകൃതിയെ സജ്ജനസമക്ഷം സമൎപ്പിക്കുന്നു.

ചേന്നമംഗലം,
5—3—1115.

വെണ്മണി
നാരായണൻ നമ്പൂതിരിപ്പാട്.

പ്രസ്താവന.

അകവൂർ വാസുദേവൻ നമ്പൂതിരിപ്പാടവർകൾ ഉണ്ടാക്കിയിട്ടുള്ള കൃഷ്ണസ്തുതിപരങ്ങളായ രണ്ടു ഖണ്ഡകൃതികളാണു ഇതിൽ അടങ്ങിയിരിക്കുന്നതു്. ഭാഷാകവിതയിൽ വലുതായ ഭ്രമമൊ അതു വായിക്കുവാൻ ഒരാസക്തി പോലുമൊ അദ്ദേഹത്തിന്നില്ല. വാസ്തവത്തിൽ അദ്ദേഹം ഭഗവൽഭക്തിയുടെ ആധിക്യംകൊണ്ടു പ്രേരിതനായിട്ടാണു ഇങ്ങിനെ ചിലതു നിൎമ്മിക്കുവാൻ കാരണമായതു്. ഇതു മാത്രമല്ല ഭക്തിപരങ്ങളായ കൃതികൾ വേറേ പലതും അദ്ദേഹം എഴുതിയിട്ടുണ്ടു്. ജോലിത്തിരക്കിന്നിടയിൽ ഇങ്ങിനെ പലപ്പോഴുമായി ഉണ്ടാക്കീട്ടാകയാൽ അവയെല്ലാം ശരിയായ വിധം എഴുതി വെക്കുവാൻതന്നെ അദ്ദേഹത്തിന്നു സാധിച്ചിട്ടില്ല. ചില പെൻസിൽകോപ്പികളായും ചിലതു ഒരുതരം പടുകുറിപ്പായും എഴുതി വെച്ചിട്ടേ ഉള്ളു. ചിലതു ചില പുസ്തകങ്ങളുടെ മൂലയിലും, മററു ചിലതു വല്ല കടലാസ്സു കഷ്ണങ്ങളിലും, ചിലതു ഓലത്തുണ്ടുകളിലും മററുമായിട്ടാണു ആ വക കുറിപ്പുകൾ കിടക്കുന്നതു് അവയെല്ലാം തേടിപ്പിടിച്ചു ക്രമപ്പെടുത്തി അച്ചടിക്കുവാൻ കുറച്ചധികം പണിയുണ്ടു്. അതിന്നു അദ്ദേഹത്തിന്നു സമയമുണ്ടാവില്ല. അച്ചടിക്കണമെന്നു അത്ര ഒരാഗ്രവുമില്ല. അതിനാൽ അതെല്ലാം അച്ചടിച്ചു പുറത്തിറക്കുവാൻ കുറച്ചധികം ബുദ്ധിമുട്ടുണ്ടു്. ആ കൃതികളെല്ലാം അച്ചടിപ്പിക്കണമെന്നു ഞാൻ പല

പ്പോഴും പറയാറുണ്ടെങ്കിലും ഈ വക പ്രതിബന്ധത്താൽ ഇതുവരെ അതിന്നു സാധിച്ചില്ല.

ഇതിൽ ചേൎത്തിരിക്കുന്ന രണ്ടു കൃതികളും പ്രത്യേകം ഒരു പുസ്തകത്തിൽ എഴുതി വെച്ചിരുന്നു. മററുള്ളതെല്ലാം ക്രമപ്പെടുത്തി പ്രസിദ്ധം ചെയ്വാൻ കഴിഞ്ഞില്ലെങ്കിലും, അഥവാ താമസം നേരിടുന്നതായാലും ഭാഗ്യവശാൽ ഈ കൃതികൾ പ്രസിദ്ധം ചെയ്യത്തക്കവണ്ണം തയ്യാറായിരിക്കുന്നുണ്ടെന്നും, അതിനാൽ ഇവ ഇപ്പോൾതന്നെ പ്രസിദ്ധംചെയ്യേ കഴിയു എന്നും, അതിന്നനുവദിയ്ക്കണമെന്നുമുള്ള എൻെറ നിൎബ്ബന്ധംകൊണ്ടാണ അദ്ദേഹം ഇതിന്നനുവദിച്ചതു്. ഇതിന്നെങ്കിലും അദ്ദേഹം അനുവദിച്ചതിന്നു അദ്ദേഹത്തോടു ഞാൻ നന്ദിപറയുകയും, ബാക്കിയുള്ളതും കൂടി അടുത്തവസരത്തിൽ ശരിപ്പെടുത്തിത്തരാമെന്നു അദ്ദേഹം ഏററിട്ടുള്ള വിവരം പൊതുജനങ്ങളെ അറിയിക്കുകയും ചെയ്യുന്നു.

ഇതു അച്ചടിയ്ക്കുവാൻ അനുവദിച്ചതുപോലെത്തന്നെ അദ്ദേഹത്തിൻെറ ചിത്രം ചേൎക്കണമെന്ന കാൎയ്യവും എൻെറ നിൎബ്ബന്ധം കൊണ്ടാണ അദ്ദേഹം സമ്മതിച്ചതു്. പക്ഷെ അതു ചേൎക്കണമെങ്കിൽ എൻെറ ചിത്രം കൂടി ഒരുമിച്ചു ചേൎക്കണമെന്നു അദ്ദേഹം എന്നേയും നിൎബ്ബന്ധിച്ചു. ഞങ്ങൾ തമ്മിലുള്ള മൈത്രീബന്ധംകൊണ്ടു എൻെറ അപേക്ഷയെ നിരസിക്കുവാൻ അദ്ദേഹത്തിന്നു കഴിയാതിരിക്കുന്നതുപോലെത്തന്നെ അദ്ദേഹത്തിൻെറ താൽ

പഴ്യത്തെ നിറവേററാതിരിപ്പാൻ ഇനിയ്ക്കും സാധിക്കുകയില്ല. അതിനാൽ ഞങ്ങൾ രണ്ടു പേരുടേയും ചിത്രങ്ങൾ ചേൎക്കുവാനും നിശ്ചയിക്കേണ്ടിവന്നു. ഈ പുസ്തകം ഈ വിധത്തിൽ പുറത്തിറക്കുവാൻ ഇടയായതിൻെറ പൂൎവ്വരൂപങ്ങൾ ഇങ്ങിനെയെല്ലാമാകുന്നു.

നമ്പൂതിരിപ്പാടവർകൾ ഒരു പരിഷ്ക്കാരഭ്രാന്തനൊ, പേരിന്നും പരസ്യത്തിന്നും ഭ്രമിയ്ക്കുന്ന ആളും അല്ല. അതിനാൽ ഈ വിധം നിൎബ്ബന്ധിച്ച് ഗത്യന്തരമില്ലെന്നു വന്നാലല്ലാതെ മററു കൃതികൾ പുറത്തിറക്കുവാൻ സാധിച്ചുവെന്നു വരില്ല. എങ്കിലും അതിനു ഇപ്പോൾ അദ്ദേഹം സമ്മതിച്ചിട്ടുള്ളതിനാൽ അടുത്തവസരത്തിൽ അവയെക്കൂടി അച്ചടിച്ചു പുറത്തിറക്കുവാൻ കഴിയുമെന്നു വിശ്വസിക്കയും, കേരളഭാഷായോഷസ്സു അങ്ങിനെ ചില ആഭരണങ്ങളെക്കൂടി ഉപഹാരമായി അൎപ്പിക്കുവാൻ കഴിയുമെന്നു ആശിക്കുകയും ചെയ്തുകൊണ്ടു ഈ പ്രസ്താവനയെ ഇവിടെ ഉപസംഹരിച്ചു കൊള്ളുന്നു.

കാണിപ്പയ്യൂർ,
8—8—1115. } ശങ്കരൻ നമ്പൂതിരിപ്പാടവർകൾ.

ശ്രീകൃഷ്ണന്റെ

കേശാദിപാദം.

കരിമ്പുനെയ്യപ്പമടമലരവി-
ലുരുളിയിലാക്കിത്തരാം ധാരാളമായ
പെറുക്കി ഭക്ഷിച്ചു മകറ്റുവാൻ വിഘ്നം
കരിവദന! കൈതൊഴാ മേത്തമിടാം

മുറ ജപിച്ചിടാം കവിത്വമുണ്ടാവാൻ
സരസ്വതീപാദാംബുജം നമിക്കുന്നേൻ.
ഗുരുവായൂരപ്പ പദഭജനത്തിൽ
പുരണ്ടുപററിയ പൊടിയണിഞ്ഞിട്ടു
ഗുരുവാകും കൃഷ്ണകഥസുധാർണ്ണവെ
ത്വരയൊടും മുങ്ങിക്കുളിക്കണം സദാ.

തിരുവൈരാണിവാപിയിൽ മരുവുന്ന
പരദൈവമായ വിരിഞ്ചിസരഥെ
ഹരിശരഗൌരീപതെ ഗംഗാധര
നിരുപമ സദാശിവ നമിക്കുന്നേൻ.

ഇരവിമന്ദിരെമരുവുന്നകൃഷ്ണൻ
കുരളിലെപ്പോഴും തരുണിമാരുമായ്
നിരീക്ഷണാദിലീലകൾ തുടരണം
പരിപാലിച്ചരുളണം കുടുംബത്തിൽ.
പരന്തപരനായവിജയനുകൃഷ്ണൻ

പരസ്ത്രീമഠയ്ക്കാട്ടിക്കൊടുത്താല്ലോത്രൂപം
പരിധികാണാത്ത ഭവക്ലേശങ്ങൾക്ക്
പരിണാമം വരുത്തിയ മുകുന്ദന്റെ
പരിമിതകഥാരചനയേപ്പററി
പരിഹസിക്കുമോ വിവരമുള്ളവർ
പരീക്ഷിക്കാം ഭാഷാകൃതിഗാനംകൊണ്ടു
പരോക്ഷഭാവംപോയ്തെളിഞ്ഞിടുംഹരി
പരിഷ്കാരികളും സനാതനികളും
പരിഷ്കരിച്ചോട്ടെ തികഞ്ഞോട്ടെ ഗുണം
കിരാതരൂപത്താൽ സദാശിവനൊരു
കുറവുവല്ലതും നിനക്കുമോജനം
തരിപോലും വല്ല പിശകുകണ്ടാലും
തിരസ്കരിക്കാതെ മുദാപാലിച്ചിടും
അരിയതിൽക്കൂടെകണ്ടവർനല്ല
മുറംകൊണ്ടുചേററിവെടുപ്പാക്കീടുന്നു.
അറയതിലൊളിഞ്ഞിരിക്കാതെ ഗാഢ
പുരികളിൽ സ്വൈരം നടനം ചെയ്കാലും
അരോഗിയായ്മോദംവളർത്തുകവേണ-
മിരുളാകുമജ്ഞാനവുംനീങ്ങുമെല്ലാം.

വരിഷ്ഠരത്നപീഠികൾ വിലസുന്ന
ഹിരണ്മയമായ കിരീടശോഭയും
ചുരുണ്ടു നീണ്ടിരുണ്ടടിയോളം കളി
ച്ചിറങ്ങിയാടുന്ന ചികുരഭംഗിയും

ആരങ്ങത്തു ബാലരുടെ കളിമട്ട
കുറുനിര ചിന്നി വിലസുന്നു ഫാലെ
പരിപൂർണ്ണചന്ദ്രൻ പ്രകൃതിയായ്പൊട്ടി
ട്ടൊരുമുറി ശോഭിച്ചിടുന്നു നെററിയായ്
പരസ്പരം ഗോപിതിലകങ്ങൾ ഭംഗ്യാ
തിരക്കുന്നു കാണ്മാ നതിമനോഹരം
സ്മരചാപം പോലെ വളവോടും രമ്യ
തരമായ ചില്ലിയുഗളഭംഗിയും
സരസിജദളസമാനനേത്രങ്ങൾ
കരുണയാ ചലിച്ചിടുന്ന ഭംഗിയും
സുരുചിരമായ സുനാസികാഭയും
പരിശോഭിച്ചിടും മകരകുണ്ഡലം
അരുണവർണ്ണമാ മധരശോഭയും
ശരദിന്ദുകരസമാനഹാസവും.
സുരദപങ്ക്തി ഭംഗിയിൽ തെളിയുന്ന
സുരുചികണ്ടു മുല്ലയും കൂപ്പീടുന്നു.
അരവിന്ദംപോലെ മനോഹരമായ
തിരുമുഖമതിൻപ്രസന്നശോഭയും
നിറമേറും വന്യകുസുമമാലകൾ
ഭരസമാനമാം ഗളേ വിലസുന്നു.
അരിദരചമ്മട്ടിയും കടിഞ്ഞാണും
കരതലെ വിലസിടുന്ന ഭംഗിയും
വരങ്ങളാം ശ്രീവത്സകൌസ്തുഭങ്ങളും
തിരുമാറിൽ തെളിഞ്ഞിടുന്നു ഭംഗിയിൽ

ചരാചരബ്രഹ്മാണ്ഡകോടികൾ വഹി-
ച്ചിരിപ്പുള്ള തിരുവുദരഭംഗിയും
പരിചൊടു വിധി വസിച്ചിടും പത്മ
വിരാജിതമായ രുചിരനാഭിയും
അരയതിൽ പീതാംബരകിരണങ്ങൾ
തരുണഭാസ്കരകരംകെടുത്തുന്നു.
നിരന്നുമിന്നീടും നഖപ്രകാശത്താൽ
നിരസ്തതാരങ്ങളൊളിഞ്ഞുപോകുന്നു.
അരഞ്ഞാണും തരിവളമഞ്ജീരാദി
തിരുവുടലണിഞ്ഞീടുന്ന ഭംഗിയും
ചരണപങ്കജം പരിപൂൎണ്ണമായി
പരമാനന്ദമായ്പരം ശോഭിക്കുന്നു.
വിരിഞ്ചിശങ്കരപുരന്ദരാദികൾ
നിരന്തരം ഭജിച്ചിടുന്ന കാലിണ
സ്മരിച്ചിടുന്നടിയനിൽ കൃപചെയ്തു
പരമഭക്തനാക്കണം മുകുന്ദനിൽ

പുരുഹൂതാദിനശ്വരപദങ്ങളിൽ
ദൂര പിടിപെടാതിരിക്കണം കൃഷ്ണാ
പരന്നിടുംപുത്രധനകളത്രാദി
ദുരന്തസംസാരഭ്രമം മുടിയണം.
പരിപാവനമാമവതാരംകൊണ്ടു്
മുരരിപോ ജഗത്രയംതെളിയുന്നു.
സരോഷമെ ഗോപിജനം കളിക്കുമ്പോൾ

ഹരിച്ച വസ്ത്രങ്ങൾ മനോഹരൻകൃഷ്ണൻ
അരയാലിൽകേറി കുഴലൂതിസു-
ന്ദരിമാരെനോക്കി സ്മിതങ്ങൾതൂകിയും
കരകേറിവേഗം വരിക വാങ്ങുകെ
ന്നരുളുമ്പോൾ കുമാരികൾ വന്നനേരം
തിരിച്ചുവസ്ത്രങ്ങൾ കൊടുത്തു കാമാദി
വരങ്ങൾ നൽകിടും മുകുന്ദ കൈതൊഴാം

കുരുക്കളെ മുടിച്ചുടക്കളമതിൽ
ധരണിയിൻഭാരം കെടുത്തിയ കൃഷ്ണ
കിരീടിയെകാത്തു രഥം തെളിച്ചൊരു
പരമാത്മാവായ മുകുന്ദ കൈതൊഴാം
വിരാട്ടായി വിശ്വം നിറഞ്ഞു ദേവാദി-
ധുരന്ധരന്മാരെ പരിപാലിക്കുന്നു.

നരകാരെ ദുഷ്ടഗണങ്ങളെ വെന്നും
നരലോകധർമ്മം നിലനിർത്തീടുന്നു
അരികളെ വെന്നു വിപുലമാം യശ-
സ്സരീരികളുയേ നൃപവരന്മാർക്ക്
ശിരോരത്നമായി വിലസും പാണ്ഡവ-
വിരുതരെകാത്ത വിജയസാരഥേ
അരയന്നത്തിലും വൃഷശ്രേഷ്ഠനിലും
മരുവുന്ന വിധി സദാശിവരെന്നും
ഇരുഭാഗേ കൂപ്പുന്നവകാണും കൃഷ്ണ-
സ്വരൂപമുള്ളിലെപ്പോഴും വിലസണം.

ഉറിയിലുള്ള വെണ്ണയും പാലും കള്ള-
ത്തരം നോക്കി ഭുജിച്ചിടുന്ന മാധവ
സുരക്ഷ നൽകണം മധുരയിൽ ഗൂഢം
പിറന്ന നന്ദനന്ദന നമിക്കുന്നേൻ.

ഗരുഡനിൽ ശോഭിച്ചിടും രമാപതെ
വിരവൊടു കാണ്മാൻ കൊതിച്ചിടുന്നു ഞാൻ
തിരുവടിയൊഴിച്ചടിയനന്യനെ
ശരണമായ്നിനച്ചിടില്ലൊരിക്കലും
പരിതാപമെല്ലാമകന്നുപോകുവാൻ

തിരുനാമം ജപിച്ചിടാം നാരായണ
മരതകരത്നപ്രഭ പോലെ മിന്നും
തിരുമേനി കാണ്മാൻ തരികകണ്ണുകൾ
നിരവധിജന്മം കഴിഞ്ഞുപോയല്ലൊ
നരകദുഃഖങ്ങളനുഭവപ്പെട്ടും
നരജന്മമിപ്പോൾ സഫലമാക്കുവാൻ
നരനാരായണാത്മകാ നമിക്കുന്നോൻ

നിരർത്ഥകമായ ഭവസുഖഭ്രമം
നരപോലെ ശൂന്യഫലമെന്നു കാണാം
നിരുപിക്കിൽ കൃഷ്ണകഥാമൃതരതി
ശരിയായിശ്ശോഭിക്കണമടിയനിൽ
പരാല്പര തവപദസരോരുഹം
പിരിയാതെ മനമതിലിരിക്കുമ്പോൾ

പെരുകിടും ദുഃഖ മടിഞ്ഞുകോറാതെ
പുറത്തുതള്ളിടാം മുദാ രമിച്ചിടാം
തരംഗംമട്ടമന്മനം ചലിക്കാതെ
തരുപോലെ നിറുത്തിടാം മുകുന്ദനിൽ
തെരുതെരെ കുടിക്കുവാൻ പ്രസന്നനായ്
തരു കൃഷ്ണപദാംബുജമകരന്ദം.
ചെറിയ ഭക്തി നിന്നുറക്കുകിൽകൃഷ്ണ
ചിരകാലം ജീവിക്കുവാൻ കൊതിക്കുമോ
ചരിത്രപീയൂഷാസവം സേവിക്കുകിൽ
ചുരുങ്ങിയ ദിനംമതി ഗതിവരാൻ
വരുന്നകാഴ്ച കാണുവാൻ കൊതിക്കുന്നു
വരദ വാഞ്ഛിതം വരിക്കുന്നു കൃഷ്ണ
വരേണ്യനാണല്ലൊ ചരാചരത്തിനും
വിരക്തനാക്കണം വിഷയവസ്തുവിൽ
നിറഞ്ഞസുന്ദരവരതമൻ കൃഷ്ണൻ
വരണമിന്ദിരാവരനായിമുന്നിൽ
സരസലീലയാ സ്മിതങ്ങൾ തൂകിയും
ചൊരിയണം കടാക്ഷ വീക്ഷണാമൃതം
ഗിരികുടയാക്കിക്കരെ ധരിച്ചപ്പോൾ
സുരനായകനും മുനിവിബുധരും
സുരഭിയുംചേന്നു മുദാഗോവിന്ദനെ
ചൊരന്നപാലുകൊണ്ടഭിഷേകം ചെയ്തു
തൊരപ്പനാം കാലംശുഭാശുഭഫലം

കരണ്ടെടുത്തിട്ടുംക്ഷയംവരുന്നില്ലും
അറുതിവന്നിടാൻ മുകുന്ദ! ബന്ധനത്തെ
വിരാമമിട്ടുകാത്തിടാൻ നമിക്കുന്നേൻ

അറിയാതെ ക്രൂരാന്തകഭടരായു-
സ്സരിഞ്ഞിടും മുമ്പു ഭുവനസുന്ദര
അരികത്തുരാധാരമണനായ്ശോഭി
ച്ചിരിക്കുന്ന കൃഷ്ണ പരിപാലിക്കണം.
ഹരിണാക്ഷിമാർക്ക് ശിരോലങ്കാരമായ്

തരുണീരത്നമായ് വിലസുംഭാമയിൽ
ധരിത്രിയിൽപ്രിയരതിസുഖം നൽകും
കരിമുകിൽവർണ്ണപാദം നമിക്കുന്നേൻ
തെരഞ്ഞുകണ്ടു പൂതനാമുദാ പീതാം-
ബരനെ ലാളിച്ചു മുഖം ചുംബിക്കുമ്പോൾ
ഗരളമാംകുചം കുടിച്ചിട്ടു ദാമോ-

ദരൻ സദാനന്ദപദമപ്പോൾനൽകി
ഉരലിന്മേൽ കെട്ടി ജനനി പോയപ്പോ
ളിറങ്ങി മുറ്റത്തു കളിച്ചിടും കൃഷ്ണൻ
മരങ്ങൾരണ്ടിനും നടു കടന്നപ്പോൾ
പറിഞ്ഞ വൃക്ഷങ്ങൾ കുബേരപുത്രരായ്
സ്ഥരിച്ചിടും ദാമോദരനെ വന്ദിച്ചും
നിരഹങ്കാരരായ് പിതൃഗൃഹംപൂകി
എരമ്പലുംകേട്ടിട്ടവൻചെന്നുനന്ദൻ
പരക്കെപററിടാതെടുത്തുകൃഷ്ണനെ

കരിയെപ്പോലെ ജനനിലാളിച്ചും
പരിഹൃഷ്ടരായിട്ടെടുത്തുകൊണ്ടുപോയ്
കുരംഗനേത്രയും കുചംകൊടുത്തിട്ടും
തരക്കേടൊന്നും വരാതെ രക്ഷിച്ചു-
തിരുതകൃതിയായ്കളിച്ചിടുന്നവ
സരെ ഗോഗോപരെ മറച്ചു ധാതാവ്
നരോത്തമനായിട്ടറിഞ്ഞു പാദാബ്ജേ
വിറച്ചുവീണപ്പോൾ കടാക്ഷിച്ചുകൃഷ്ണ
പരവശനായി പലതരത്തിലും
കരഞ്ഞപേക്ഷിക്കുന്നടിയനു കണ്മാൻ
മുരളിയുമൂതി പ്രിയഗോപബാല-
കരോടൊപ്പമെന്നും കളിക്കണം കൃഷ്ണ

പെരുമ്പാമ്പായ് വഴിയടച്ചിട്ടു ഗോഗോ
പരെ ഭുജിക്കുമ്പോൾ വലുതായി കൃഷ്ണൻ
പുറംപൊളിച്ചിട്ടു പുറത്തു വന്നഘാ-
സുരനെ വെന്നിട്ടും വ്രജരക്ഷചെയ്തു

അരണ്യത്തിൽദ്വിജവരർ നടത്തുമ
ഖപരെ രാമകൃഷ്ണരടുത്തതാന്നുകേട്ടു
ധരാസുരപത്നിഗണമപ്പോൾ കണ്മാൻ
പുറപ്പെട്ടുവരാളികൾതടഞ്ഞിട്ടും
ഒരുവളന്നു മാധവനുമായ് ചേർന്നു
പരിഭ്രമമുണ്ടായഖിലർക്കുമപ്പോൾ
പുരോഭാഗ മനോഹരരൂപംകണ്ടും

കറികളുംചോറും വിളമ്പിടുമവർ
തിരക്കുന്നനേരമരുൾചെയ്തു കൃഷ്ണൻ
തരുന്നുണ്ടു കാമദാലികൾ സാദ്ധ്വീമാരെ
വരാത്തസന്തോഷം വരുത്തുന്നുമുണ്ട്
പിരിഞ്ഞുപോയാലും പതിവ്രതമാരെ
ഉരുകൃപനേടി പിരിഞ്ഞുപോകുമ്പോൾ
പിരിയാത്തസുഖമഖിലർക്കും നൽകി
ഒരുമാസം ക്ഷമിക്കണം കാണാമെന്നാ

വരമൊഴിചൊല്ലും മുകുന്ദകൈതൊഴാം
ഒരിക്കലെമ്മ വെണ്ണയും പാലുംനൽകി
പുറംതിണ്ണയിലായ്കളിപ്പിച്ചശേഷം
പുരട്ടിയ തേച്ചുകുളി കഴിപ്പിച്ചി-
ട്ടുരുളയിലുപ്പേരിവച്ചതുവാങ്ങി
കരിമ്പൂച്ച മറുതരം പൂച്ചകൾക്കും
കുറേശ്ശെ നൽകുന്നു മുദാ മുകുന്ദനും
ചെറുതരംഗോപപ്രിയന്മാർക്കും നൽകും
മറിമായമാർക്ക മറിഞ്ഞിടാ കൃഷ്ണാ

തെറി പറയുന്ന രജകനെക്കൊന്നു
തിരുവുടയാട പിരവോട്ടുചാർത്തി
കുറിക്കൂട്ടും വാങ്ങിസ്സഖാക്കന്മാരൊത്തു
കുറിതൊട്ടു മന്ദസ്മിതംതൂകിക്കൊണ്ട്
വിത്രൂപികുബ്ജയെ രമയൊത്തരൂപം
ധരിപ്പിച്ചു കൃഷ്ണൻ പ്രിയസുഖംനൽകി

കരാരവിന്ദംകൊണ്ടഖിലരും കാൺകെ
വരധനുസ്സൊടിച്ചതുകൊണ്ടു കൃഷ്ണൻ
പരിചരന്മാരെ വധിച്ചുബാഹരായ്
പരിചയമുള്ള കളിതുടൎന്നുടൻ
കരിവരൻമുമ്പിൻ കരംകൊട്ടിമററാൻ
പറയുമ്പോൾ തട്ടീട്ടടുത്തു കൊല്ലുവാൻ
എരിയുന്നകോപമെടുത്തു കുത്തുമ്പോൾ
തറച്ചു കൊമ്പുകൾ മഹീതലത്തിലായ്
ഉരുളുകകൎമ്മമെടുത്തിതുകൃഷ്ണൻ
തരംകണ്ടു വാലുംപിടിച്ചുവട്ടത്തിൽ
തിരിച്ചിഴച്ചിട്ടു വലിച്ചു ലീലയോ-
ട്ടാച്ചുവന്മദമടിച്ചുടച്ചുടൻ
ഞെരിഞ്ഞിടുംവണ്ണം മിടിച്ചിട്ടു കൊമ്പു
പറിച്ചപ്പോൾ കുവലയാപീഡം വീണു
ചരിഞ്ഞതുകണ്ടു ജനം പ്രശംസിച്ചു
വിരോധികംസനും ഭയമേററമുണ്ടായ്
പരിലസിക്കുന്ന ശുഭാവതാരത്തെ
പുരുഷാരംകൂപ്പി സ്തുതിക്കുന്നനേരം
കരുത്തരാം ചാണൂരമുഷ്ടികരൊത്തു
കരുതിയ കയ്യാംകളി കളിക്കുവാൻ
ഒത്തുഗൎജ്ജിച്ചു വിളിക്കുമ്പോൾ രംഗേ
മുറക്കു കാണായി ഹരിരാമന്മാരെ
പൊരുതുവനെന്നു പറഞ്ഞടുത്തപ്പോൾ
പൊരുതിയ രണ മതിഘോരമായി

ഉരുക്കകായരും സുമശരീരരും
ഉരസ്സോടുമുരസ്സിടിക്കുന്നു ഘോരം
ഇരുമ്പുലക്കതുല്യമായിടും കരം
പരത്തിത്തല്ലുമ്പോൾ ത്രിഭുവനം ഞെട്ടും
ചെറുത്തു രാമമാധവകോമളന്മാർ
വെറുക്കുന്ന മല്ലമദോൽക്കടന്മാരെ
നിരസിച്ചു ചൊടിച്ചെടുത്തു മേല്പോട്ടെ
ക്കെറിഞ്ഞു വീണപ്പോൾ കുലുങ്ങി ഭൂതലം
ചിറകറ്റു വീഴും ധരാധരം മട്ടു
മറിഞ്ഞതു കണ്ടു ജനങ്ങൾ മോദിച്ചു

തുറസ്സിലുള്ളേഴുനിലമാളികയിൽ
തുറന്ന വെൺകുറ്റകുട ചാമരാദി
തുറിച്ചുനോക്കുന്നു മുദാമുകുന്ദനെ
കുറിച്ചലങ്കരിച്ചവമാതുലന്റെ
ഇരുപ്പിടമായ നൃപതിമഞ്ചത്തെ
കുറഞ്ഞൊന്നു നോക്കീട്ടുടൻചാടിക്കേറി
ഉരഗശായിമാധവനടുത്തപ്പോൾ
ദുരാസദഖൾഗമെടുത്ത കംസനെ
പരുന്തുചുറ്റീടുന്നതുപോലെ ചുറ്റി
പ്പറന്നു പിന്നിലയ്പിടിച്ചു യോഗേശൻ
പുറംതള്ളിവിടുന്നതുനേരാപരിൽ
തെറിച്ചുവീണപ്പോൾകഴിഞ്ഞുകംസനും
സുരഗണം പാടിസ്തുതിച്ചു കൃഷ്ണനെ

ശിരസി പുഷ്പങ്ങൾ ചൊരിഞ്ഞു ഹൃഷ്ടരായ്
പുരുപുണ്യമാതാപിതാക്കളെ വന്ദി-

ച്ചുരച്ചുസന്തൃപ്തി വരുത്തിഗ്ഗോവിന്ദൻ
പരമദ്രോഹികംസനെ കുലചെയ്തു
പരമാത്മരൂപം തെളിഞ്ഞുകണ്ടപ്പോൾ
പരോപകാരത്തെ സ്മരിച്ചു ഭക്തരും
പരിതുഷ്ടന്മാരായ് സുരഗണങ്ങളും
ജരാപിദുർഗ്ഗന്ധമലം നിറഞ്ഞുള്ള
ക്ഷരമായദേഹമതിൽ ഭ്രമഹീനൻ
അറപ്പേറുംതുണിമുറിച്ചുററി ഭാര്യാ-
ഗിരംകേട്ടു ഭക്ത്യാ വരുംകുചേലന്
നരവാഹനനും കൊതിക്കുന്നവിത്തം
ദരിദ്രത നീക്കി ക്കൊടുത്തുമാധവൻ

പറഞ്ഞിടുംധർമ്മതനയനു ധർമ്മ-
സ്ഥിരനിലകൂട്ടിക്കുശലിയാക്കിയ
അറിവെല്ലാംതികഞ്ഞ ഭീഷ്മനു കൃഷ്ണൻ
പെരിയൊരാനന്ദപദം മുദാ നൽകി.

ഭരതവംശപാണ്ഡവന്മാരോടൊത്തു
ജരാസന്ധാദിദുഷ്ടരെ മുടിച്ചുടൻ
ധരാതലെ പൂർണ്ണസുഖം മുദാ ചേർത്തും
സ്വരാട്ടായ നിജപദം പൂകി കൃഷ്ണൻ

ഹിരണ്യാക്ഷൻ ഭൂമികവരുമ്പോൾ യജ്ഞ
വരാഹരൂപിയായ്ഹനിച്ചുഗോവിന്ദ

ഹിരണ്യനും തനയനെ ദ്രോഹിക്കുമ്പോൾ
നരസിംഹമായി പിളൎന്നമാധവ
ചെറിയൊരോമനച്ചുണ്ണിയായ്ബ്ബലിസമ്പ
ത്തറുത്തുകാത്ത വാമനം നമിക്കുന്നേൻ
ഇരുപതുമൊന്നും തവണ ഭൂപരെ
പരശുരാമനായ്‌വധിച്ചകേശവ
കുറുമ്പരും രാവണനെക്കൊല ചെയ്ത
ശരത്തോടും രാമ വിലസണം മുന്നിൽ
ഹരീശ്വരന്മാരും വിഭീഷണാദ്യരും
ഭരതാദിസഹജരും ബന്ധുക്കളും
ഭരദ്വാജാദിഭക്തരും ചേൎന്നു വേദ
പ്പൊരുളായ സീതാരമണനെ കൈതൊഴാം
തുരഗവക്ത്ര കൈതൊഴാം വിദ്യകൊണ്ടും
നുറുങ്ങണമജ്ഞാനവൃന്ദങ്ങളിപ്പോൾ
അരിച്ചെടുക്കണം കുലാചാരമായ
പരിഗ്രഹധൎമ്മം സുഖവാസം നൽകും
വിരിഞ്ഞവൃത്തിവാണിമാനസത്തോടും
പുരാതനധൎമ്മം വളൎത്തണം മുദാ
പരിഭവദോഷത്തിനും ധന്വന്തരെ
പരിഹാരം വരുത്തുവാൻ നമിക്കുന്നേൻ.
വരണ്ടുകാഞ്ഞുനിന്നിടും ത്രിഭുവന
ജ്വരം നീക്കികാത്ത പൃഥോനമിക്കുന്നേൻ
പുരാണാബ്ധികൊണ്ടു ഭുവനം രക്ഷിച്ച
പരാശരാത്മജ ശുകതാത തൊഴാം

മറനീക്കി കാമാരിയെ കളിപ്പിച്ച
മറയും കാണാത്തോരതിരമ്യരൂപം
മറയാതെ വിലസണം വിഷ്ണുമായെ
മറയെല്ലാം നീങ്ങിടുവാൻ നമിക്കുന്നേൻ
ഹരേ രമാപതെ മുകുന്ദ ഗോവിന്ദ
നരനാരായണ ശിവരാമ കൃഷ്ണ.

വിരലുകൊണ്ടുപൎവ്വതം താങ്ങിനിന്ന
വിരഹശൂന്യവിഷ്ണുവാം ഗോവിന്ദനെ
ചെരാതിലെണ്ണ വേണ്ടതുവീത്തി നല്ല
തിരികുളത്തി മൂന്നുരു നമിക്കുന്നേൻ.
കരണങ്ങൾ ഗോവിന്ദനിലെത്തുന്നേരം
കരിഞ്ഞുപോയിടും മഹാ പാപമെല്ലാം
കറവുള്ള സുരഭിയും ചിന്താമണി
സുരതരുക്കളും വശത്തിലായിടും
സച്ചിദാനന്ദംനൽകും നിരുപിക്കുംപോരം
പരബ്രഹ്മമായിവിളങ്ങുന്ന കൃഷ്ണൻ
ഉരുപ്പികപവനണകശ്ശേംമറവും
കരംവരങ്ങും നൃപനുടെ പദവിയിൽ
വെറുതെവൻകൊതി വരാതിരിപ്പാനായ്
ചരക്കിൽവെച്ചപായസംനിവേദിക്കാം.
പെരുമാറി കൃഷ്ണപ്രിയരൊടു ബന്ധം
മുറുക്കുവാൻ മോഹം കവിഞ്ഞൊഴുകട്ടെ.
തുരീയാതീതനായ് വിലസുന്ന സാക്ഷാൽ
പുരുഷോത്തമഭക്തരിൽ ശ്രേഷ്ഠനായ

സുരഗുരുശിഷ്യവരതമനാകും
നിരീഹനാമുദ്ധവരെ സ്മരിക്കുന്നേൻ
അരവിന്ദാക്ഷനേററവുംപ്രിയനായ
ഗരിഷ്ഠനാം സാത്യകിയെ സ്മരിക്കുന്നേൻ.
കുരങ്ങനായ് ശ്രീരാമദാസമുഖ്യനാം
മരുൽസുതംവിശിഷ്ടനെ സ്മരിക്കുന്നേൻ
ഉരുത്തായി ഗോപയദുവംശംകരത്ത
തരണീന്ദ്വാദിലോചന നമിക്കുന്നേൻ
കരടിജാംബവാനൊടു പെരുത്തസം
ഗരംകൊണ്ടു മണിസുതാസമംവാങ്ങി
വരാംഗിമാരൊത്തു മദനലീലയാ-
സുരതിനൽകുന്ന മുകുന്ദ കൈതൊഴാം.
പുരാന്തകൻബാണഹിതത്തിനു വിശ്വം-
ഭരനോടുഘോരം പൊരുതിയശേഷം
പരാങ്മുഖനായി സ്തുതിച്ചുകൈക്കൂപ്പും
ഗിരീശനെഗ്ഗാഢം പുണൎന്നുമാധവൻ
തിരുമിഴിമിഴിച്ചതി മോദത്തോടും
ഹരന്നതിപ്രിയം കടാക്ഷേണ നൽകി
ഹരിഹയനഗ്നി യമൻ നിരൃതിയും
വരുണനും വായു കുബേരനീശനും
കിരീടത്തെ കൃഷ്ണപദാംബുജെ ചേൎത്തി-
ട്ടുരസുമ്പോൾ തെളിഞ്ഞിടുന്ന ഗോവിന്ദ.

കേശാദിപാദം സമാപ്തം.

ശ്രീകൃഷ്ണസ്തുതി.

1

ഏണാക്ഷിമാരുടെ ശിരസ്സിലണിഞ്ഞിടുന്ന
മാണിക്യമാം മതിമനോഹരഭാമയോടും
പാണൌ പിടിച്ച മകരധ്വജലീലചേർന്നു
വർണ്ണീടണം മനസി ശോഭനകൃഷ്ണരൂപം.

2

തേരും തെളിച്ചു വിജയന്നു ഹിതങ്ങൾ നൽകും
നാരായണന്റെ പരമാത്ഭുതദിവ്യരൂപം
കാരുണ്യമാർന്നതിമനോജ്ഞരസം കലർന്നു
സ്വൈരം കിടന്നു കളിയാടണമെന്മനസ്സിൽ.

3

സൌന്ദര്യലക്ഷ്മിവിലസീടിന രാധചേർന്നു
നന്ദിച്ചിടും ഭുവനപാവനലീലയോടും
മന്ദസ്മിതാർദ്രമുഖപങ്കജശോഭയോടും
നന്ദാത്മജൻ ഹൃദി കടന്നു വസിച്ചിടേണം.

4

താരുണ്യലക്ഷ്മിവിലസും സ്മരകോടിരമ്യം
പാരം തെളിഞ്ഞു പരിപൂർണ്ണമനോജ്ഞരൂപം
ചാരുസ്മിതാർദ്രമുഖഭാവരസങ്ങളോടും
ശ്രീരാധചേർന്നു മനതാരിൽ വസിച്ചിടേണം

5

നാരായണന്റെ ചരണാംബുജവഞ്ചിതന്നിൽ
നൈസ്പരം കളിച്ചു തിരുനാമനയമ്പുകൊണ്ട്
ഘോരം ഭവാബ്ധി പശുപാദസമം തരിപ്പാൻ
ചാരുസ്മിതാർദ്രമുഖചന്ദ്ര നുദിച്ചിടേണം.

6

ശ്രീമൽസമ്പൂർണ്ണഗോപക്കളിസമയമഹോ!
മണ്ണു തിന്നോരുവൃത്തം
രാമൻ ചൊല്ലുന്ന കേട്ടും വ്യഥയൊടു ജനനീ
വാതുറപ്പാൻ പറഞ്ഞ്
ക്ഷേമം ചിന്തിച്ചുനോക്കുന്നളവി ലഖിലമാം
വിശ്വ മൊട്ടുക്കുകാട്ടി
പ്രേമക്കണ്ണിട്ടുനോക്കി സ്മിതമൊടു വിലസും
കണ്ണനെ കൈക്കുതൊഴുന്നേൻ

7

പൊയ്ത്താർമാതാ വസിക്കും നരവരവപുഷാ
രാസമദ്ധ്യേ ചരിക്കും
സത്താനന്ദം തുളുമ്പി തരുണീമണിമനോ
ഭാവരംഗേ വിളങ്ങും
നിത്യം രാധാമനോജ്ഞസ്മിതരുചികലരും
ദിവ്യശൃംഗാരവേഷം
ചിത്തേ ശോഭിച്ചുകാണ്മാ നടിമലരടിയൻ
കൈതൊഴാം കൃഷ്ണമൂർത്തേ:

8

അന്നേരം പൂതനാ സുസ്മിതമൊടു ലളിതാ
വേഷമായ് ചെന്നാശോഭ
മുന്നിൽ ചുംബിച്ചെടുത്തും കുതുകമൊടു കളി
പ്പിച്ചു ലാളിച്ചിടുമ്പോൾ
നന്ദിക്കുംമട്ടു നന്നായ്ഗ്ഗരളമയകുചം
ജീവനോടെ കുടിച്ചും
മന്നിൽ ദേഹം പതിപ്പിച്ചുരസി വിലസിടും
കണ്ണനെ കൈതൊഴുന്നേൻ.

9

നന്ദിച്ചും കൊണ്ടു കുബ്ജാകരമതിൽ വിലസും
ചന്ദനച്ചാറു ചാർത്തി
ട്ടൂന്നി കാലിൽചവുട്ടി സ്മിതവദനമതിൽ
ത്തൃക്കരം ചേർത്തുകൊണ്ട്
മന്ദം പോകുന്നനേരം മമയൊടുസമമായ്
പ്രേമഭാവങ്ങളോടും
മുന്നിൽ ശോഭിച്ചുനിൽക്കും തരുണിയൊടുസമം
കണ്ണനെ കൈതൊഴുന്നേൻ.

10

കിട്ടാനെത്താഞ്ഞു കുഞ്ഞിക്കരമതിൽ വിലസും
കോലുയർത്തീട്ടു മന്ദം
കെട്ടിത്തൂങ്ങിക്കിടക്കുന്നുറിയതിലമരും
മൺകലത്തിന്റെ മൂട്ടിൽ

മുട്ടിപ്പൊട്ടിച്ചു മോദാൽ പ്രിയരൊടു സഹിതം
ചോരന്നൊലിക്കും നറും പാ
ലൊട്ടേറെ ഭുക്തിചെയ്തീടിന കഞ്ജനയനം
കൃഷ്ണ കാണട്ടെ നിത്യം.

11

തങ്കംമിന്നുന്നൊരോടക്കുഴലൊടുവിലസും
കണ്ണനിൽ ദിവ്യലീലാ
പങ്കം തട്ടിത്തലൊടി കഞ്ചുകമൊടു കുചം
നായികാ നൽകിടുമ്പോൾ

തിങ്കൾക്കൊക്കുന്ന രമ്യാനനമിതകൃപാ
ദൃഷ്ടി നൽകീട്ടു മോദം
ലങ്കെ ക്രീഡിച്ചു മന്ദസ്മിതമൊടു മരുവും
ബാലനാണാശ്രയം മെ.

12

താരുണ്യശ്രീവിളങ്ങും തരുണിമണികളാം
ഗോപിമാരൊത്തു രാസ
പ്രാരംഭെ രാധയായ്ചേർന്നഴകൊടു മുരളീ
ഗാനമാധുര്യമായും

കാരുണ്യാകരമായും രുചിരതരജഗ
ത്സാരസമ്പൂർണ്ണമായും
ചാരുശ്രീകൃഷ്ണരൂപം മമ മനസി വിള
ങ്ങേണമെന്നും മുകുന്ദാ.

13

മന്ദം മന്ദം പുണർന്നും രമണന്നസ്വധരസം
സ്വാദനം ചെയ്തുകൊണ്ടും
ചന്ദ്രൻ കൂപ്പുന്ന രമ്യാനനകമലമതിൽ
ചന്ദ്രികാഹാസമോടും
വൃന്ദാരണ്യേ വിളങ്ങും വിമലതരകളാം
സുന്ദരീവൃന്ദമദ്ധ്യേ
മിന്നും രാധാകടാക്ഷാമൃതരുചികലരും
കൃഷ്ണനെ കൈതൊഴുന്നേൻ

14

ആളിക്കത്തിജ്ജ്വലിക്കും കഠിനതരവിഷം
നീക്കി ലോകം ഭരിപ്പാൻ
കാളിന്ദീവാരിതന്നിൽ കുതുകമൊടകലെ
ചാടിനീന്തിത്തുടിച്ചും
കാളത്തിൽ കുളിയിട്ടും സ്മിതമൊടു കളിയായ്
കാളിയൻതൻ ഫണത്തിൽ
താളത്തിന്നൊത്തനൃത്തച്ചോടിയൊടുവിലസും
കണ്ണനെ കൈതൊഴുന്നേൻ

15

ശ്രീമത്താം ഗോകുലത്തിൽ പ്രളയസദൃശമായ്
വന്ന വർഷം തടുത്തും
സന്തോഷം കാത്തു ഗോവർദ്ധനഗിരി കുടയായ്
ഹസ്തപത്മേ ധരിച്ചും.

ക്ഷേമം കൊള്ളാതെ വജ്ഞീ സുരഭിയൊടുസമം
വന്നു ഗോവിന്ദനാമം
പ്രേമത്തോടിട്ടനേരം കുശലമരുളിടും
കണ്ണനെ കൈതൊഴുന്നേൻ.

16

പാലാഴിശ്രീമയങ്ങും പരമമൃതരസം
ചോന്നിടും മന്ദഹാസം
ചാലെത്തുകുന്ന വക്ത്രാംബുജവരവദനെ
വേണുഗാനം തുടന്നും
ലീലാഗോപാലവേഷത്തോടു രമണികളിൽ
ചേൎന്നു രമ്യം രമിക്കും
നീലക്കാർവൎണ്ണനെന്നിൽ കൃപയൊടു തിരുമെ
യ്യൊന്നു കാട്ടിത്തരേണം.

17

പാപിഷ്ഠന്മാരി ലെന്നോംകിടയിലൊരുവനായ്
ത്തീൎന്നോരെന്നിൽ കരുത്തു
ള്ളാപത്തോരോതരത്തിൽ ദൃതമൊടു കയറീ
ടുന്നതൊന്നായ് തടുപ്പാൻ
ഗോപസ്ത്രീവൃന്ദമദ്ധ്യേ പരമമൃതരസം
പൂൎണ്ണമായ് ചോരന്നൊലിക്കും
രൂപം കൈക്കൊണ്ടു രാധാകുചമതിൽവിലസും
കണ്ണനെ കൈതൊഴുന്നേൻ.

18

കുട്ടിപ്രായത്തൊടെംക്കംപടിവൊടെ കളിയാന്
മുട്ടുകുത്തീട്ടു പൊക്കി
കാട്ടീടും തൃക്കരത്തിൽ പ്രിയമൊടെ ജനനീ
വെണ്ണ വെക്കുന്നനേരം
കട്ടൊട്ടായ്ഭുക്തിചെയ്യുന്നളവു വിലസിടും
ബാലഗോപാലകൃഷ്ണൻ
പെട്ടെന്നമ്പാത്താരിലെത്തി പ്പരിചൊടുനടനം
ചെയ്തിടുന്‍ കൈതൊഴുന്നേന്‍.

19

ആ നന്ദൻ നന്ദിപൂർവ്വം സുതരെ മടിയതിൽ
കേററിവെക്കുന്നനേരം
സ്ഥാനംകേറീട്ടു മന്ദസ്മിതമൊടുമരുവും
ബാലരാമാച്യുതന്മാർ
സാനന്ദം ക്രീഡയോടും സുരുചിരമുരളീ
കങ്കണാദ്യൈരഭേചന്നി
ട്ടാനന്ദാബ്ധൌ കളിപ്പിക്കണമതിനുനമി
ക്കുന്നു ഞാനെന്നുമെന്നും.

20

മന്ദംമന്ദം തലോടും പരമസുകൃതിയാം
മാതുരങ്കേ കളിക്കും
ചന്ദ്രൻകൂപ്പുന്ന രമ്യാനനമതിൽവിലസും
ചന്ദ്രികാഹാസമോടും

കന്ദർപ്പന്നാധിനൽകും സുരുചിരവപുഷാ
രാമകൃഷ്ണാർഭകന്മാ
രിന്ദ്രാദ്യർച്ചിച്ച തൃക്കാലടിമലരുകളെ
വെക്കുവാൻ കൈതൊഴുന്നേൻ

21

പുണ്യാത്മാവായ നന്ദൻ പരമപുരുഷനെ
ച്ചേർത്തു മന്ദം തലോടീ
ട്ടുണ്ണുന്നോയ്‌വെണ്ണകുഞ്ഞിക്കരമലരുകളെ
വെച്ചു ലാളിച്ചിടുമ്പോൾ
കണ്ണൻ കൊഞ്ചിക്കളിച്ചും സ്മിതമൊടു കുരുന്നം
ദൃഷ്ടിനൽകുന്ന സാക്ഷാൽ
പൂർണ്ണാനന്ദസ്വരൂപൻ ഹൃദയമതിലുടൻ
വന്നുകാണ്മാൻ തൊഴുന്നേൻ

22

ധീരന്മാരും മയങ്ങും സുരുചിരമളകം
തൃക്കരംകൊണ്ടു നീക്കി
ന്നോരം ലാവണ്യലക്ഷ്മ്യാ വിലസിന വദനെ
സ്സുസ്മിതം നോക്കിടുമ്പോൾ
തേരിൽകേറീട്ടു ദുഷ്ടക്ഷിതിപരെ മുഴുവൻ
മർദ്ദനംകൊണ്ടുകേറും
ചാരുശ്രീകൃഷ്ണനിൽചേർന്നു വിവിലസിടും
മൈഷ്ടിയെ കൈതൊഴുന്നേൻ

23

ക്രൂരേറും ചേട സുരേന്ദ്രന്നവഗരുഡനിൽ
പത്മനാഭാം കമലദ്ധ്യ
സ്വൈരം ക്രീഡിച്ചുകൊണ്ടും മുരനരകമഹാ
ഘോരരായ്പ്പോരടിച്ചും
പാരിൽ ഭാരം കുറച്ചും ത്രിദശപുരമതിൽ
പാരിജാതം ഹരിക്കും
ചാരുശ്രീകൃഷ്ണനിൽ ചേൎന്നഴകൊടു വിലസും
ഭാമയെ ക്കൈതൊഴുന്നേൻ

24

പൂൎണ്ണബ്രഹ്മാണ്ഡമായി ക്ഷമയൊടുധരയായ്
ദിവ്യസൌഭാഗ്യലക്ഷ്മ്യാ
വിണ്ണിൽ സ്ത്രീരത്നമദ്ധ്യേ വിലസിന തരുണീ
മൌലിയാം ഭാമയോടും
സ്വൎണ്ണാംഭോജെ വിളങ്ങും ത്രിഭുവനജനനീ
രുഗ്മിണീദേവിയോടും
കണ്ണിൽ കാണിച്ചു കണ്ണൻ കനിവിനൊടുകടാ
ക്ഷിക്കുവാൻ കൈതൊഴുന്നേൻ

25

അൎണ്ണോജാക്ഷൻ രമിക്കും സ്മിതമധുരമുഖാം
ഭോജസൌഭാഗ്യലക്ഷ്മ്യാ
വിണ്ണിൽ സ്ത്രീരത്നമദ്ധ്യേ വിലസിന സുകുമാ
രാംഗിയാം ഭാമയോടും

പൂൎണ്ണാനന്ദന്റെ വക്ഷസ്ഥലമതിൽ വിലസും
രുഗ്മിണീദേവിയോടും
കണ്ണിൽ കാണിച്ചു കണ്ണൻ കനിവിനൊടു കടാ
ക്ഷിക്കുവാൻ കൈതൊഴുന്നേൻ.

26

വീരൻപാൎത്ഥന്റെ മുമ്പിൽ ചെറുതുപൊരുതു
വാൻ നല്ലകാട്ടാളവേഷം
സ്വൈരം കൈക്കൊണ്ടു സാക്ഷാൽ പരമശിവ
നതിപ്രേമഭാവം മറച്ചും
പോരിൽപാരം രമിച്ചും പരവശതവരു
ത്തിട്ടുഗാഢം പുണൎന്നും
ഘോരാസ്ത്രം നൽകി മോദിച്ചുമയൊടുവിലസും
നാഥനെക്കൈതൊഴുന്നേൻ.

27

ശ്രീരാധാമുഖപങ്കജേ വിരുതനാം
കാൎഷ്ണ്യനേററം മുദാ
ചാരുശ്രീവിളയാടിടുന്നധരമാം
പീയൂഷസാരാസവം
പാരം മാധ്വികൊതിച്ചിടും മധുകരൻ
ഒട്ടിൽ കുടിച്ചപ്പൊഴും
സ്വൈരം മന്മഥലീലയാ വിലസിടും
ശ്രീകൃഷ്ണരൂപം ഭജേ.

28

കഷ്ടപ്പെട്ടു കുഴങ്ങിടുന്നടിയനിൽ
തട്ടുന്നതാപങ്ങളെ
തട്ടിത്തൂത്തു കളഞ്ഞിടാൻ രമരമി
ച്ചീടുന്ന രമ്യാംഗതെ
സാഷ്ടാംഗം പ്രണമിച്ചിടാം മനമതിൽ
ശ്രീരാധികാനന്മണി
ശ്രേഷ്ഠാലംകൃതവേഷമായ്‌വിലസണം
ശ്രീകൃഷ്ണരൂപാമൃതം.

29

പോരിൽ സുംഭനിസുംഭരാം! ദിതിജരെ
ത്താഡിച്ചു മട്ടിച്ചിടും
ഘോരാപത്തു മുടിച്ചിടും പ്രിയതരം
സമ്പത്തു വർഷിച്ചിടും
കാരുണ്യാമൃതമൊലിച്ചിടും ഹരിഹര
ബ്രഹ്മാദിസേവിച്ചിടും
ക്രൂരൻ കംസനലച്ചിടും ലളിതമാം
മായാപേദം കൈതൊഴാം

30

മിന്നുന്നരാധാധരമാധുരീസേവി
ച്ചെന്നും ജഗന്മോഹനലീലയേറ്റും
മന്ദസ്മിതം തൂകിമനോജ്ഞരൂപം
നന്ദാത്മജൻ കണ്ണിനു കാട്ടിടേണം.

31

പങ്കേരുഹാക്ഷപദപങ്കജപോതമേറി
പ്പങ്കായമാക്കി ഹരിനാമ മെട്ടത്തുവന്നു്
പങ്കംകളഞ്ഞു ഭവസിന്ധു കടന്നു കൃഷ്ണ
പ്പൂങ്കാവുകണ്ടു പരിപൂർണ്ണ സുഖം ലഭിക്കാം

32

വാമദേവൻ തലോടുന്ന
കോമളാംഘ്രി സരോരുഹം
മമമാനസരംഗത്തിൽ
സാമോദം കളിയാടണം.

ശ്രീകൃഷ്ണസ്തുതി സമാപ്തം.

മാന്ത്രിക പുസ്തകങ്ങൾ.

1	വിഷ്ണുപൂജ	0	5	0
2	ഭഗവതി (ദുർഗ്ഗാ) പൂജ	0	5	0
3	സുബ്രഹ്മണ്യപൂജ	0	5	0
4	ഗണപതിപൂജ	0	5	0
5	ശാസ്താ (അയ്യപ്പന്റെ) പൂജ	0	5	0
6	ശിവപൂജയും ധാരയും	0	5	0
7	സരസ്വതിപൂജയും വിദ്യാരംഭവും	0	4	0
8	ഇല്ലംനറയും പുത്തരിയും	0	4	0
9	ഭദ്രകാളിപൂജയും ഗുരുതിതർപ്പണവും	0	4	0
10	ശ്രീചക്രപൂജ വലുത് (സപരിവാരം)	0	8	0
11	ശ്രീചക്രപൂജ ചെറുത്	0	4	0
12	ശ്രീഭൂതബലി	0	6	0
13	ഹോമങ്ങൾ	0	4	0
14	പുണ്യാഹവും അത്ഭുതശാന്തിയും	0	4	0
15	യന്ത്രവിധികൾ	—	0	0
16	മന്ത്രപ്രയോഗങ്ങൾ	1	0	0
17	ധ്യാനശ്ലോകങ്ങൾ	1	8	0
18	ധ്യാനങ്ങളും മന്ത്രങ്ങളും	0	8	0
19	ഋഗ്വേദമന്ത്രങ്ങൾ	0	8	0
20	സ്തോത്രരത്നങ്ങൾ	0	12	0
21	ശ്രീകൃഷ്ണസ്തുതി	0	1	0

വിഷ്ണുസഹസ്രനാമം 2ണ. ലളിതാസഹസ്രനാമം 2ണ.

ശ്രീരാമസഹസ്രനാമം 2ണ. ദുർഗ്ഗാസഹസ്രനാമം 2ണ

☛ മേൽപറഞ്ഞ പുസ്തകങ്ങൾക്ക പഞ്ചാംഗം പുസ്തകശാല, കുന്നംകുളം എന്ന മേൽവിലാസത്തിൽ എഴുതുക.